ഉത്തരം

(എ) വർക്കല താലൂക്ക് പരിധിയിലുള്ള ചെറുന്നിയൂർ വില്ലേജിൽ കായൽ കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കായൽ കയ്യേറ്റത്തിനെതിരെ കേരള ഭൂസംരക്ഷണ നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ജില്ലാ വികസന സമിതി യോഗം

120(1186) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എല്ലാ മാസത്തിലേയും അവസാനത്തെ ശനിയാഴ്ച തിരുവനന്തപുരം കളക്ടേറ്റിൽ ചേരുന്ന ജില്ലാ വികസന സമിതി യോഗത്തിൽ ഓരോ നിയോജക മണ്ഡലത്തിനും നിശ്ചിത സമയക്രമം നിശ്ചയിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

ജില്ലയിലെ വിവിധ വകുപ്പുകൾക്ക് ലഭ്യമായ പ്ലാൻ ഫണ്ട് വിനിയോഗത്തെക്കുറിച്ചും വികസനപ്രശ്നങ്ങളെക്കുറിച്ചും ചർച്ച ചെയ്യുന്നതിനാണ് പ്രധാനമായും ജില്ലാ വികസന സമിതി യോഗം ചേരുന്നത്. ആയതിനാൽ ഓരോ നിയോജക മണ്ഡലത്തിനും നിശ്ചിത സമയം അനുവദിച്ചുനൽകുന്നതിനുള്ള നടപടി പ്രായോഗികമല്ല.

റവന്യൂ റിക്കവറി

121(1187) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31-12-15 ൽ അവസാനിച്ച കാലയളവിൽ പാലക്കാട് ജില്ലയിൽ സ്റ്റേ ഉൾപ്പെടെ റവന്യൂ റിക്കവറി ഇനത്തിൽ എത്ര തുകയാണ് പിരിച്ചെടുക്കുവാനുള്ളത്;

(ബി) ഇതിൽ എത്ര തുകയ്ക്കാണ് സ്റ്റേ അനുവദിച്ചിട്ടുള്ളത്; ഗവൺമെന്റ് തലത്തിൽ എത്ര തുകയ്ക്ക് സ്റ്റേ അനുവദിച്ചിട്ടുണ്ട്;

(സി) കോടതി സ്റ്റേ ഇനത്തിൽ എത്ര കുടിശ്ശികയുണ്ട്; കോടതിയിൽ നിന്നും സ്റ്റേ നീക്കിക്കിട്ടുന്നതിന് എന്ത നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly